Deshabhimani 22-02-19, p-2

# തൃശൂരിൽ ചൂട് കുതിച്ചുയരുന്നു

**തൃശൂർ**

ഫെബ്രുവരി മൂന്നാം വാരത്തിലേക്ക് കടന്നതോടെ ജില്ലയിൽ വേനൽച്ചൂട് കുതിച്ചുയരുന്നു. ശരാശരി 36 ഡിഗ്രി സെൽഷ്യസാണ് ഇപ്പോഴത്തെ പകൽ താപനില. രാത്രി ചൂടും ക്രമാതീതമായി ഉയരുകയാണ്. അന്തരീക്ഷ ഈർപ്പമുള്ളതിനാൽ ചൂടിനേക്കാളുപരി പുഴുക്കവും ഉണ്ട്. പകൽ തുറസായ സ്ഥലത്ത് ജോലി ചെയ്യുന്നവർ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ് അധികൃതർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. മാർച്ചിൽ ഇപ്പോഴത്തേതിനേക്കാൾ രണ്ടു മുതൽ നാലു ഡിഗ്രിവരെ ഊഷ്മാവ് ഉയരാമെന്ന് കാലാവസ്ഥാ ഗവേഷകർ അഭിപ്രായപ്പെട്ടു.

വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്തെ കാലാവസ്ഥാ പഠന അക്കാദമിയിലെ ഉഷ്ണമാപിനിയിൽ വ്യാഴാഴ്ച ഉച്ചയ്ക്കും ബുധനാഴ്ച ഉച്ചയ്ക്കും 36.4 ഡിഗ്രി ചൂട് രേഖപ്പെടുത്തി. 2018 മാർച്ചിൽ 39 ഡിഗ്രിയാണ് രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന ചൂട്. ജില്ലയിൽ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന ചൂട് 1996 മാർച്ചിലെ 40.4 ഡിഗ്രി സെൽഷ്യസാണ്.

പലയിടത്തും കൃഷിക്കും ആവശ്യമായ വെള്ളമില്ല. കുഴൽക്കിണറുകളിലടക്കം ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കയാണ്. മലയോര മേഖലയിലാണ് ജലക്ഷാമം കൂടുതൽ. പലയിടത്തും കുടിവെള്ള ക്ഷാമമുണ്ട്. കേരള വാട്ടർ അതോറിറ്റിയും പ്രാദേശിക ജലവിതരണ ഏജൻസികളും സംവിധാനങ്ങളും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഇടപെടുന്നുണ്ട്. പ്രളയമുണ്ടായ വർഷം തന്നെ വരൾച്ചയുണ്ടാകുമോ എന്ന ഉൽക്കണ്ഠയും ജനങ്ങൾക്കുണ്ട്. കാലാവസ്ഥാ വകുപ്പ് ഇത് സ്ഥിരീകരിച്ചിട്ടില്ല.